"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനായി , 2019-20 സാമ്പത്തിക വർഷത്തെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള 1,00,00,000/- രൂപ (ഒരു കോടി രൂപ) 2020-21 സാമ്പത്തിക വർഷത്തെ ശുചിത്വ കേരളം (അർബൻ) പദ്ധതിയുടെ കണക്ക് ശീർഷകമായ 2217-80-800-71 PV-ൽ നിന്നും വിനിയോഗിക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.362/2021/LSGD തീയതി,തിരുവനന്തപുരം, 10/02/2021

പരാമർശം:- 1 13.04.2020-ലെ സ.ഉ സാധാ (നം) 755/2020/ തസ്വഭവ നമ്പർ ഉത്തരവ്

2 14.09.2020-ലെ സ.ഉ സാധാ (നം) 1640/2020/ തസ്വഭവ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.07.2020-ലെ 174/C2/2008/SMനമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് കോർപറേഷനിൽ കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനായി, പദ്ധതിക്ക് ആകെ ചെലവാകുന്ന തുക 8,62,40,000/- രൂപയാണെന്നും അതിന്റെ പകുതി തുക അതായത് 4,31,20,000/- രൂപ സർക്കാരിന്റെയോ ശുചിത്വ മിഷന്റെയോ വിഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കോഴിക്കോട് കോർപറേഷൻ സെക്രട്ടറി ആവശ്യപ്പെട്ട സാഹചര്യത്തിൽ 2019-20 സാമ്പത്തിക വർഷം ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും 1,00,00,000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ തുക കൂടാതെ ഇക്കാര്യത്തിലേക്കായി 2020-2021 സാമ്പത്തിക വർഷത്തിൽ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും അനുവദിക്കാൻ കഴിയുന്ന തുക ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്യണമെന്ന് പ്രസ്തുത ഉത്തരവിൽ തന്നെ നിഷ്കർഷിച്ചിരുന്നു.

2. 2019-2020 സാമ്പത്തിക വർഷം കഴിഞ്ഞതിനു ശേഷമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ കോഴിക്കോട് ഞെളിയാംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷത്തെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള 1,00,00,000/-രൂപ (ഒരു കോടി രൂപ) പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള ശുചിത്വ കേരളം (അർബൻ) പദ്ധതിയിലെ Removal of Legacy Waste& Bio Mining ഉൾപ്പെടുന്ന ഘടകത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപയിൽ നിന്ന് നിന്നും അനുവദിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനായി, 2019-20 സാമ്പത്തിക വർഷത്തെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള 1,00,00,000/-

രൂപ (ഒരു കോടി രൂപ) 2020-21 സാമ്പത്തിക വർഷത്തെ ശുചിത്വ കേരളം (അർബൻ) പദ്ധതിയുടെ കണക്ക് ശീർഷകമായ 2217-80-800-71 PV-ൽ നിന്നും വിനിയോഗിക്കുന്നതിന്, ഇക്കാര്യത്തിലേക്കായി കോഴിക്കോട് കോർപറേഷന്റെ വിഹിതമായി നിശ്ചയിച്ചിട്ടുള്ള തുകയുടെ 70 ശതമാനമോ അതിലധികമോ ചെലവഴിച്ച ശേഷം യഥാർത്ഥ ആവശ്യം വിലയിരുത്തി വിനിയോഗിക്കണമെന്ന വ്യവസ്ഥയിൽ, ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ
സെക്രട്ടറി കോഴിക്കോട് കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്മെന്റ് വിങ് ) വകുപ്പ് - DEV2-167/2020/FIN
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്